പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1475

05/12/2014 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെക് ഡാം നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക് ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14, 2014-15 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14 ൽ 17,47,40,736/- രൂപയും 2014 -15 കാലയളവിൽ 3,93,01,838/-രൂപയും ഉൾപ്പടെ ആകെ 21,40,42,574/- രൂപ നാളിതുവരെ ചെലവഴിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ കാസർകോട് ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്ക് എന്ത് തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കാമോ; | (ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ മലയോര വികസന ഏജൻസി വഴി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14 ൽ തെരെഞ്ഞെടുത്തിരുന്ന തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് എന്നീ നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്തുകളിൽ നിന്ന് പ്രൊപ്പോസൽ ഒന്നും ലഭിക്കാത്തതിനാൽ ഒരു പ്രവൃത്തിക്കും 2013-14 ൽ മലയോര വികസന ഏജൻസിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല.<br>2014 -15 സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിൽ |

3 റോഡുകളും (60 ലക്ഷം രൂപ), കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ - കരിന്തളം, ബളാൽ, പനത്തടി എന്നീ പഞ്ചായത്തുകളിലായി 5 റോഡുകളും (95 ലക്ഷം രൂപ) വെസ്റ്റ് എളേരി പഞ്ചായത്തിൽ ഒരു ചെക്ക് ഡാം (15 ലക്ഷം രൂപ) പദ്ധതിയും നബാർഡിന്റെ ആർഐഡിഎഫ്/സംസ്ഥാന ആവിഷ്കൃത പദ്ധതികൾ വഴി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. പദ്ധതികൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ

അനുബന്ധം

1. പദ്ധതികൾ ആവശ്യപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി മലയോര വികസന ഏജൻസി തെരെഞ്ഞെടുക്കപ്പെട്ടവയായിരിക്കണം.

2. പഞ്ചായത്തുകളുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരുന്നവയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായവയോ ആയിരിക്കേണ്ടതാണ്.

3. പദ്ധതി നിർദ്ദേശങ്ങൾ പ്രായോഗികമായ ആവശ്യങ്ങളിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്.

4. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ കിണർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതും കിണർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് വെള്ളം സുലഭമായി ലഭിക്കുന്നതാണെന്ന് ഭൂഗർഭ ജല വകുപ്പ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതിയിൽ കുഴൽ കിണറുകളുടെ നിർമ്മാണം അനുവദനീയമല്ല.

6. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണത്തിന് നിർദ്ദേശിക്കുന്ന സ്ഥലം ചെക്ക് ഡാം നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ജല വിഭവ വകുപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

7. വനഭൂമിയിൽ ചെക്ക് ഡാം നിർദ്ദേശിക്കുകയാണെങ്കിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്.

8. ഗ്രാമീണ റോഡുകൾക്ക് കുറഞ്ഞത് 4.5 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയിരിക്കേണ്ടതുമാണ്.

9. നബാർഡ് ധന സഹായത്തോടെ നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കുന്ന റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതും എസ്റ്റിമേറ്റ് തുകയുടെ 20% ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കുന്നതിന് തയ്യാറായിരിക്കേണ്ടതുമാണ്.

10. പഴം പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ആയിരിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ വർഷവും മലയോര വികസന ഏജൻസിയുടെ ഗവേണിംഗ് ബോഡി തിരഞ്ഞെടുക്കുന്നതായിരിക്കും.

11. സഹ്യശ്രി സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ച് 2 വർഷം കഴിഞ്ഞതും ഗ്രേഡിംഗ് പാസ്സായിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിന് നിർദ്ദേശിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ മലയോര വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആയിരിക്കേണ്ടതാണ്.

Bijumon

സെക്ഷൻ ഓഫീസർ